LIBRARY ARCHIVES Kerala Legislative Assembly

### കരുംകുളം, കോട്ടുകാൽ കൃഷിഭവനുകൾക്ക് കെട്ടിടം

85(1070) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത കരുംകുളം, കോട്ടുകാൽ കൃഷി ഭവനുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കൃഷി ഭവനുകൾ പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്തിട്ടുള്ള സ്ഥാപനങ്ങളായതിനാൽ കൃഷിഭവനുകളുടെ കെട്ടിടനിർമ്മാണത്തിനുവേണ്ടി ഫണ്ട് കണ്ടെത്തേണ്ടത് ബന്ധപ്പെട്ട പഞ്ചായത്തുകളാണ്. കൃഷി വകുപ്പ് ഇതിനായി ഫണ്ട് വകയിരുത്തിയിട്ടില്ല. കോവളം മണ്ഡലത്തിലെ കോട്ടുകാൽ കൃഷി ഭവൻ 2020 ജൂലൈ 13 മുതൽ പഞ്ചായത്ത് നിർമ്മിച്ച് നൽകിയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കരുംകുളം കൃഷി ഭവൻ നിലവിൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

### കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ്

86(1071) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

കേരള അഗ്രിക്കൾച്ചർ സ്റ്റേറ്റ് സർവീസ് സ്പെഷ്യൽ റൂൾസ് നിലവിലുണ്ട്. കൃഷി വകുപ്പിലെ സബോർഡിനേറ്റ് സർവീസിന്റെ സ്പെഷ്യൽ റൂൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കൃഷി അസിസ്റ്റന്റുമാർക്ക് കൃഷി ഓഫീസർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ ലഭിക്കുന്നതിന് സ്യൂട്ടബിലിറ്റി പരീക്ഷ പാസ്സാകണമെന്ന നിബന്ധനയുണ്ടോ; എങ്കിൽ അതൊഴിവാക്കി മറ്റ് വകുപ്പുകളിലെ പോലെ സീനിയോറിറ്റി അടിസ്ഥാനപ്പെടുത്തി പ്രൊമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

നിലവിലുള്ള ഉത്തരവുകൾ പ്രകാരം കൃഷി അസിസ്റ്റന്റുമാർക്ക് കൃഷി ഓഫീസർ ആയി പ്രൊമോഷൻ ലഭിക്കുന്നതിന് പി.എസ്.സി. നടത്തുന്ന Suitability Test വിജയിച്ചിരിക്കണം. കൂടാതെ B.Sc. അഗ്രികൾച്ചർ യോഗ്യതയുള്ള കൃഷി അസ്സിസ്റ്റന്റുമാർക്ക് യോഗ്യത നേടി 3 വർഷം കൃഷി അസിസ്റ്റന്റ് തസ്തികയിൽ സേവനം പൂർത്തിയാക്കിയതിനുശേഷം കൃഷി ഓഫീസറായി പ്രൊമോഷൻ നൽകുന്നുണ്ട്. സീനിയോറിറ്റി അനുസരിച്ച് കൃഷി അസിസ്റ്റന്റിൽനിന്നും കൃഷി ഓഫീസറായി പ്രൊമോഷൻ നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(സി) കൃഷി അസിസ്റ്റന്റുമാരുടെ ജോബ് ചാർട്ട് കൃത്യമായി നടപ്പിലാക്കുമോ; കൃഷി ഓഫീസർ അവധിയിലായാൽ കർഷകർക്ക് നൽകേണ്ട വിവിധ സർട്ടിഫിക്കറ്റുകൾ നൽകാൻ അസിസ്റ്റന്റ് കൃഷി ഓഫീസർക്ക് അധികാരം നൽകുമോ?

കൃഷി അസിസ്റ്റന്റുമാരുടെ ജോബ് ചാർട്ട് കൃത്യമായി നടപ്പിലാക്കുന്നുണ്ട്. കൃഷി ഓഫീസർ അവധിയിലായാൽ കർഷകർക്ക് നൽകേണ്ട വിവിധ സർട്ടിഫിക്കറ്റുകൾ നൽകാൻ അസിസ്റ്റന്റ് കൃഷി ഓഫീസർക്ക് അധികാരം നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**കാസർഗോഡ് ജില്ലയിലെ കൃഷി വകുപ്പിലെ ഒഴിവുകൾ**

87(1072) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിൽ ഏതെല്ലാം തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കുമോ?

കൃഷി ജോയിന്റ് ഡയറക്ടർ; കൃഷി ഡെപ്യൂട്ടി ഡയറക്ടർ; കൃഷി അസിസ്റ്റന്റ് ഡയറക്ടർ; കൃഷി ഓഫീസർ; കൃഷി ഫീൽഡ് ഓഫീസർ കൃഷി അസിസ്റ്റന്റ്; അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി); അസിസ്റ്റന്റ് എഞ്ചിനീയർ; അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്; അക്കൗണ്ട്സ് ഓഫീസർ; ജൂനിയർ സൂപ്രണ്ട്; ഫെയർ കോപ്പി സൂപ്രണ്ട്; ടൈപ്പിസ്റ്റ്; ക്ലാർക്ക്; ഓവർസിയർ; ഡ്രൈവർ; ഗാർഡ്നർ-കം-ക്ലീനർ; മെക്കാനിക്; ഓഫീസ് അറ്റൻഡന്റ്; സയന്റിഫിക് അസിസ്റ്റന്റ്; ട്രാക്ടർ ക്ലീനർ; ട്രാക്ടർ ഡ്രൈവർ; വാച്ച്മാൻ; വർക്ക് സൂപ്രണ്ട്; ഫോർമാൻ.

LIBRARY ARCHIVES Kerala Legislative Assembly